ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക

40(1513)ശ്രീ. എൻ.ആർ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് 4.3.1995-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽഫലം ഇതുവരെയും പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇനിയും കാലതാമസം കൂടാതെ പ്രസിദ്ധീകരിച്ച് നിയമനം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 4.3.1995-ൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല

(സി)&(ഡി) പി.എസ്.സി.യിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആംഡ് പോലീസ് കോൺസ്റ്റബിൾമാരുടെ പി.എസ്.സി. ലിസ്റ്റ്

41(1514)ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് കോൺസ്റ്റബിൾമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റ് എന്ന് നിലവിൽവന്നു എന്നും എന്നേക്ക് ഇതിന്റെ കാലാവധി കഴിയും എന്ന അറിയിക്കുമോ;

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ പുതുതായി കെ.എ.പി. യിലേക്ക് കോൺസ്റ്റബിൾമാരുടെ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിനു മുമ്പായി നിലവിലുള്ള ഒഴിവുകളിലേക്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എ.പി. -1, കെ.എ.പി.-3, കെ.എ.പി.-4, കെ.എ.പി.-5, എന്നീ ബറ്റാലിയനുകളിലേക്ക് റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

(ബി)

ബറ്റാലിയൻ	റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി	റദ്ദാക്കുന്ന തീയതി
കെ.എ.പി. 1	8.7.97	7.7.2000
കെ.എ.പി. 3	15.7.97	14.7.2000
കെ.എ.പി. 4	8.7.97	7.7.2000

LIBRARY ARCHIVES Kerala Legislative Assembly